ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവമ്മെണ്ടു് അതേസംബന്ധിച്ചു നടപടി എടുത്തിട്ടില്ല. പക്ഷെ ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും അമിതാദായമെടുത്തിട്ടുള്ളവരുടേയും ഹോർഡേഴ്സിന്റേയും പേരിൽ നടപടി നടത്തുന്നതിലേക്കു് ഒരു നിയമം നടപ്പാക്കിയിട്ടുണ്ടു്. ആ നിയമമനുസരിച്ചു് പ്രവർത്തിക്കുന്നതിനു് ഈ ഗവമ്മെണ്ടിനധികാരം നൽകുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് അമിതായം എടുക്കുന്നവരുടേയും കരിഞ്ചന്തക്കച്ചവടം നടത്തുന്നവരുടേയും പേരിൽ ഈ ഗവമ്മെണ്ടു നടപടികൾ എടുത്തിട്ടുണ്ടു്. പല നഗരങ്ങളിലും അമിതാദായം എടുക്കുന്നവരുടെ പേരിൽ നടപടി എടുത്തുവരുന്നുണ്ടു്. അടുത്ത കുറേനാൾ കാലങ്ങളായി സാധനങ്ങളുടെ വില കുറഞ്ഞിട്ടുള്ളതായി ഗവമ്മെണ്ടറിഞ്ഞിട്ടുണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ: മല്ലികേം മറേം വില കുറഞ്ഞിട്ടുണ്ടെന്നാണോ ഗവമ്മെണ്ടു പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില സാധനങ്ങൾക്കു വില കുറഞ്ഞിട്ടുണ്ടു്.

MANUFACTURE OF SACRAMENTAL WINE

***1023.** [16] **Sri. Eapen Arakal:** Will the Hon'ble Minister for Excise be pleased to state whether any person other than a Bishop is eligible to apply for the issue of license for the manufacture of sacramental wine?

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):** No. (vide Rules 4 and 5 of the Travancore-Cochin Sacramental Wine Rules, 1950).

Sri. Eapen Arakal: Will the Government be pleased to state whether there is any rule that persons other than Bishops may apply for the exemption?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ ഇരിക്കുന്ന രൂളിൽ അതിനു വ്യവസ്ഥയില്ല. അതിന്റെ ആവശ്യമുണ്ടെന്നും തോന്നുന്നില്ല.

Sri. Eapen Arakal: May I know whether the Bishops can engage as agents other people?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനുത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

CONDUCTORS AND DRIVERS

***1024.** [17] **Sri. Eapen Arakal:** Will the Hon'ble Minister for Public Works and Communications be pleased to state whether the salaries, allowances and such other remuneration to conductors and drivers in the Transport Department are given with reference to the number of trips they make per day?

Chief Minister **(Sri. T. K. Narayana Pillai):** No.

ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിലെ ലാഭം

*൧൦൨൪. (൧൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ കഴിഞ്ഞ ആറുമാസക്കാലത്തു ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ നിന്നു ആകെ എത്ര സംഖ്യ ലാഭം കിട്ടിയിട്ടുണ്ടു്;

(ബി) ഈ ആറുമാസക്കാലത്തിനുള്ളിൽ ഈ ഡിപ്പാർട്ട്മെന്റിലെ കണക്കുകൾ ഓഡിറ്റു ചെയ്തുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കാലയളവിൽ പുതുതായി എത്ര ബസ്സുകൾ എത്ര സംഖ്യ കൊടുത്തുവാങ്ങി;

(ഡി) എത്ര സംഖ്യ ട്രാൻസ്പോർട്ട് ജീവനക്കാർക്ക് ബോണസ്സായി കൊടുക്കേയുണ്ടായി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) കഴിഞ്ഞ ആറുമാസക്കാലത്തെ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഡിപ്പാർട്ട്മെൻറിന് കിട്ടിയിട്ടുള്ള ലാഭം തിട്ടപ്പെടുത്താൻ സാധ്യമല്ല.

(ബി) ഈ ഡിപ്പാർട്ട്മെൻറിലെ കണക്കുകൾ ആഡിറ്റുചെയ്യുവാൻ ഒരു അസിസ്റ്റൻറ് അക്കൌണ്ടൻറ് ജനറലിനേയും സ്റ്റാഫിനേയും സ്ഥിരമായി ഏർപ്പെടുത്തിയിട്ടുണ്ട്. അവർ കഴിഞ്ഞ ആറുമാസത്തെ കണക്കുകളും പരിശോധിച്ചുവരുന്നുണ്ട്.

(സി) ൪ ൦ ഫോർഡു ബസ്സുകളും ൪ ൦ ആസ്റ്റിൻ ബസ്സുകളും ഉൾപ്പെടെ ൮൦ ബസ്സുകൾ വാങ്ങിയിട്ടുണ്ട്. ഫ൨,൮൪,൫൪൪ രൂപാ വിലയായിട്ടുണ്ട്.

(ഡി) ൧൯൫൦ ആഗസ്ത് മാസത്തിൽ ൫,൫൫,൭൫൫ രൂപാ ൫൦ അണ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിലെ നാൻ പെൻഷനബിൾ ജീവനക്കാർക്ക് ബോണസ്സായി കൊടുത്തിട്ടുണ്ട്. ഈ ബോണസ്സ് ൧൯൫൪-ൽ ഡിപ്പാർട്ട്മെൻറിനു കിട്ടിയ ലാഭത്തിൻെറ ഏഴര ശതമാനമാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ബസ്സുകൾ വാങ്ങിയ വകയിൽ വലിയ കമ്മിഷൻ കിട്ടിയതായും അതു് ഇപ്പോഴത്തെ ഡയറക്ടർ ഗവൺമെണ്ടിൽ അടച്ചിട്ടുള്ളതായും പറയുന്നതിനെ സംബന്ധിച്ചു വല്ല അറിവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനുള്ള ഉത്തരം ഇതിനുമുമ്പു പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. വി. ഐപ്പ്: ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ഇത്രയും ലാഭം കാണുന്നതു് ആദായനികുതി കൊടുത്തു കഴിഞ്ഞിട്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആദായനികുതി കൊടുക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ അതു കഴിച്ചായിരിക്കും ഈ ആദായം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ബസ്സുകൾ വാങ്ങുന്നതിനു കമ്മിഷൻ കിട്ടുന്നില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഞാൻ പറഞ്ഞുകഴിഞ്ഞു. ഗവൺമെണ്ടിൽനിന്നും ബസ്സുകൾ വാങ്ങുന്നതു് പതിനഞ്ചു ശതമാനം വില കുറച്ചാണു് വാങ്ങിച്ചിട്ടുള്ളതു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: ഒരു ഫോർഡു് ബസ്സിൻെറയും ഒരു ആസ്റ്റിൻ ബസ്സിൻെറയും വില എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേസംബന്ധിച്ചുള്ള വിവരങ്ങൾ എൻെറ കൈവശമില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇങ്ങനെ ബസ്സുകൾ വാങ്ങിയ ഇനത്തിൽ കിട്ടിയ കമ്മിഷൻ ഇപ്പോഴത്തെ ഡയറക്ടർ ഗവൺമെണ്ടിൽ അടച്ചു എന്നു ഇവിടെ വലിയ സംസാരമുള്ള സ്ഥിതിക്കു് അതുണ്ടായിട്ടില്ല എന്നുള്ളതിലേക്കു് ഗവൺമെണ്ടിൽനിന്നു് ഒരു പ്രസ്താവനോട്ടു് ഇറക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: അതുതന്നെയാണ് മിസ്റ്റർ അലക്സാണ്ടർ വാകയിലും ചോദിച്ചതു്. അതിന്റെ ആവശ്യമുണ്ടെന്നു ഗവണ്മെണ്ടിനു തോന്നിയില്ല.

പൊതുമരാമത്തുപണികൾ

*൧൦൨൩. (൧൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ കൊല്ലത്തെ ബഡ്ജറ്റിൽ പൊതുമരാമത്തു പണികൾക്കായി ആകെ എത്ര സാഖ്യയാണു കൊള്ളിച്ചിരിക്കുന്നതു;

(ബി) ഇതിൽ എത്ര സംഖ്യ ചെലവാക്കിക്കഴിഞ്ഞു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൩,൫൪,൩൦,൩൦൦.

(ബി) ൨,൪൪,൭ൽ,ൽ൦൦ രൂപാ ൫൯ ൦ അവസാനംവരെ ചെലവുവന്നിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ സംഖ്യ മുഴവൻ ഈ ബഡ്ജറ്റു വർഷത്തിനുമുമ്പു് ചിലവു വരുമോ?

ശ്രീ ടി. കെ. നാരായണപിള്ള: സംഖ്യ മുഴവൻ ചെലവുചെയ്യുന്നതിനു സത്വരനടപടികൾ ഗവണ്മെണ്ടു എടുത്തുകൊണ്ടിരിക്കയാണു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: മുൻകൊല്ലങ്ങളിൽ ഇതുപോലെ ധാരാളം പണം ലാപ്സായി പോയിട്ടുള്ളതായി ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ലാപ്സായി പോകാതെയിരിക്കുന്നതിനാണു് ഇപ്പോൾ സത്വരനടപടികൾ എടുത്തുവരുന്നതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ ഗവണ്മെണ്ടിൽനിന്നും ചെയ്യുതിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും, ചെയ്യുതിന്നിട്ടുള്ളതും ചെയ്യുവരുന്നതുമായ പണികളുടെ ഒരു വിവരം ഈ സഭയെ അറിയിക്കുന്നതിനു ഭയപ്പെടുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുസംബന്ധിച്ചുള്ള ഒരു പ്രസിദ്ധീകരണം അടുത്ത ആഴ്ചയിൽതന്നെ പബ്ലിഷ്ചെയ്യുന്നതാണു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ നിയമസഭ പിരിയുന്നതിനു മുമ്പായി അതു പ്രസിദ്ധീകരിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും അപ്രകാരംതന്നെ ചെയ്യുന്നതാണു്. അതിനുവേണ്ടി സത്വരനടപടികൾ സ്വീകരിച്ചിരിക്കയാണു്.

ശ്രീ. എ. കെ. ജോർജ്: എതെങ്കിലും പുതിയ പണികൾ ഇപ്പോൾ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനിപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടീര അന്ത്രുക്കൻ: സാധാരണയായി പണി തീർത്തുകഴിഞ്ഞിട്ടും കൺട്രാക്ടന്മാർക്കു് പണം കിട്ടാതെ കിടപ്പുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ കിട്ടാതെ കിടപ്പുണ്ടെന്നു് അറിവു തരുന്നപക്ഷം വേണ്ട നടപടികൾ എടുക്കുന്നതാണു്.

ശ്രീ. എ. കെ ജോർജ്: ഇങ്ങനെ പണം കിട്ടാൻ താമസിക്കുന്നതു് ഡിസ്പ്യൂർട്ടുമെണ്ടുദ്യോഗസ്ഥന്മാരുടെ ഡിലേ കൊണ്ടാണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly